# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2335 — 20.06.2012 ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട ട്രൈബ്യൂണൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) പ്ലാച്ചിമട ട്രൈബ്യൂണൽ എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ; | എ) | പ്ലാച്ചിമട ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനായി കേരള നിയമസഭ 24.02.2011-ൽ പാസ്സാക്കിയ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി കിട്ടിയ ശേഷം ആക്റ്റായി പ്രസിദ്ധപ്പെടുത്തി പ്രാബല്യത്തിൽ കൊണ്ടുവന്നതിനു ശേഷം മാത്രമേ പ്ലാച്ചിമട ട്രൈബ്യൂണൽ നിലവിൽ വരികയുള്ളൂ. |
| ബി) ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | ബി) | പ്ലാച്ചിമട ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നിലവിൽ നിയമ വ്യവസ്ഥ ഇല്ലാത്തതാണ്. |
| സി) ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നാളിതുവരെ സർക്കാർ കൈ ക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ? | സി) | പ്ലാച്ചിമട ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനായി 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ, കേരള നിയമസഭ 24.02.2011-ൽ പാസ്സാക്കിയിട്ടുള്ളതും 29.03.2011-ന് രാഷ്ട്രപതിയുടെ അനുമതി തേടുന്നതിനായി അയച്ചിട്ടുള്ള |

ളളതുമാണ്. പ്രസ്തുത ബില്ലിന്റെ ഭരണഘടനാ സാധുതയെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം/ സ്പഷ്ടീകരണം കേന്ദ്ര ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 17.11.2011-ൽ കേന്ദ്ര ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുള്ളതും പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അനുമതി എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ